# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 8227 /11/12/2024/റ്റി വി എം.**

ഹർജിക്കാരൻ : ശ്രീലേഖ എം. എസ്, ശ്രീനന്ദനം,
പാലവിള, പിരപ്പൻകോട് പി.ഒ തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി : 04-08-2025.**

ചോർന്നൊലിക്കുന്ന, ഇടിഞ്ഞുവീഴാറായ വീട്ടിൽ പലവിധ രോഗങ്ങൾക്കും കാരണമാകുന്ന വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കുന്ന ഹർജിക്കാരിയെയും മകളെയും അഭയ കേന്ദ്രത്തിലേക്ക് മാറ്റണമെന്നുള്ള അപേക്ഷ മാണിക്കൽ ഗ്രാമപഞ്ചായത്ത് അധികൃതർ പരിഗണിക്കുന്നില്ലെന്നും മാനസിക രോഗിയായി ചിത്രീകരിച്ച് ഉപേക്ഷിച്ചു പോയ ഭർത്താവ് പലവിധ ശല്യങ്ങൾ ഉണ്ടാക്കുന്നുവെന്നും അതിനാൽ ഈ സ്ഥലത്തുനിന്നും ഹർജിക്കാരിയെ മാറ്റിപ്പാർപ്പിക്കാനുള്ള നടപടി കമ്മീഷനിൽ നിന്നും ഉണ്ടാകണമെന്നുമാണ് ആവലാതി.

2. മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ അഭയ കേന്ദ്രങ്ങൾ ഇല്ലെന്നും ഹർജിക്കാരിയെയും മകളെയും വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ എത്തിക്കാനുള്ള പഞ്ചായത്തിന്റെ ശ്രമങ്ങളിൽ ഹർജിക്കാരി സഹകരിക്കുന്നില്ലെന്നും ഹർജിക്കാരിക്ക് എന്തെങ്കിലും ശാരീരിക മാനസിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഫാമിലി ഹെൽത്ത് സെൻററിലെ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ 5/12/2024 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു.

3. കേസ് പരിഗണനയ്ക്ക് എടുത്ത 7/3/2025 ന് ഹാജരായ ഹർജിക്കാരി, താനിപ്പോൾ താമസിക്കുന്ന ഭൂമി പഞ്ചായത്ത് പതിച്ചു നൽകാമെന്ന് സമ്മതിച്ചതാണെന്നും വീടും വസ്തുവും തനിക്ക് പതിച്ചു നൽകുന്നതിന് ഭർത്താവ് സമ്മതപത്രം നൽകിയിട്ടുള്ളതാണെന്നും എന്നാൽ ഭർത്താവിൻറെ പേര് കൂടി ചേർത്ത് വില്ലേജ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി എന്നും ആരോപിച്ചു. തുടർന്ന് മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഒരു അഡീഷണൽ റിപ്പോർട്ടും നെടുമങ്ങാട് തഹസിൽദാരോട് ഒരു റിപ്പോർട്ടും സമർപ്പിക്കാൻ 7.3.25 ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചു കൊണ്ട് കമ്മീഷൻ കേസ് മാറ്റി.

4. പ്രസ്തുത ഉത്തരവ് പാലിച്ചുകൊണ്ട് മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 6/6/2025 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. ഹർജിക്കാരിക്കും മകൾക്കും കൗൺസിലിംഗ് ആവശ്യമാണെന്ന് കണ്ട് തുടർ കൗൺസിലിങ്ങിനും മാനസികാരോഗ്യ ചികിത്സയ്ക്കുമായി വിവരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലേക്ക് കൈമാറിയിട്ടുണ്ടെന്നാണ് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നെടുമങ്ങാട് തഹസിൽദാർ 13/6/2025 ലെ വിശദമായ റിപ്പോർട്ട് സമർപ്പിച്ചു വേർപിരിഞ്ഞു താമസിക്കുന്ന ഹർജിക്കാരിയും ഇയാളുടെ ഭർത്താവും തമ്മിലുള്ള വിവാഹമോചന

കേസ് കുടുംബ കോടതിയിൽ നടന്നു വരികയാണെന്നും പരാതിയിൽ പറയുന്ന ഭൂമി പതിച്ചു കിട്ടുന്നതിനായി ഹർജിക്കാരിയും ഭർത്താവും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതി ഇടപെട്ട് ഭർത്താവ് വിമൽകുമാറിനെ കൊണ്ട് അപേക്ഷ പിൻവലിപ്പിക്കുകയും ഹർജിക്കാരിയുടെ പേരിൽ മാത്രം ഭൂമി പതിവ് നടപടികൾ തുടരുന്നതിന് സമ്മതപത്രം നൽകുകയുണ്ടായെന്നും അപേക്ഷാ വസ്തു അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുവാൻ താലൂക്ക് സർവെയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർവ്വേ സ്കെച്ച് എത്രയും വേഗം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും തഹസീൽദാരുടെ റിപ്പോർട്ടിൽ പറയുന്നു. അപേക്ഷയ്ക്ക് ആസ്പദമായ സർക്കാർ ഇടവഴി പുറമ്പോക്ക് ആയതിനാൽ ഈ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോയെന്ന് പരിശോധിച്ച ചട്ടപ്രകാരം പതിവിന് അർഹിക്കുന്ന പക്ഷം സർക്കാരിലേക്കുള്ള പതിവ് ശുപാർശ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിൻപ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നതാണെന്നും റിപ്പോർട്ടിൽ തുടർന്ന് പറഞ്ഞുകാണുന്നു.

5. കേസ് പരിഗണനക്ക് എടുത്ത ഇന്ന് കമ്മീഷൻ മുമ്പാകെ ഹർജിക്കാരി നേരിട്ട് ഹാജരായി. തനിക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിന് ഭർത്താവ് സമ്മതപത്രം കൊടുത്തിട്ടുണ്ടെന്നും ടി ഭൂമി പതിച്ചു കിട്ടുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും ടിയാൾ ബോധിപ്പിച്ചു.

6. ഹർജിക്കാരിക്ക് ഭൂമി പതിച്ചു കിട്ടുന്ന കാര്യത്തിൽ അനാവശ്യ തടസ്സങ്ങൾ ഉണ്ടാക്കരുതെന്നും പരാതിയിൽ പറയുന്ന സർക്കാർ ഇടവഴി പുറമ്പോക്ക് ആയതിനാൽ അത് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോ അല്ലയോയെന്നത് സംബന്ധിച്ച് റിപ്പോർട്ട് രണ്ടാഴ്ചക്കുള്ളിൽ നെടുമങ്ങാട് തഹസിൽദാർക്ക് നൽകണമെന്നും മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ഭൂമി പതിച്ചു കിട്ടുന്നതിന് അർഹയല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ തഹസീൽദാർ ആ വിവരം കാര്യകാരണങ്ങൾ സഹിതം രേഖാമൂലം ഹർജിക്കാരിയെ കാലതാമസം കൂടാതെ അറിയിക്കണം. പഞ്ചായത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ഭൂമി പതിച്ചു കിട്ടുന്നതിന് അർഹയാണെന്ന് കണ്ടാൽ തഹസീൽദാർ അതനുസരിച്ചുള്ള തന്റെ റിപ്പോർട്ട്, സർക്കാരിന് സമർപ്പിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കൊടുക്കണം. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഹർജിക്കാരിയുടെ പരാതിക്ക് രണ്ടു മാസത്തിനുള്ളിൽ പരിഹാരം കാണണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരിക്കും മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നെടുമങ്ങാട് തഹസീൽദാർക്കും തിരുവനന്തപുരം ജില്ലാ കളക്ടർക്കും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.